(23) അങ്കമാലി ബൈപ്പാസ്, കാലടി ശ്രീ ശങ്കരാചാര്യ സമാന്തര പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. ജോസ് തെറ്റയിൽ: സർ, കേരളത്തിൽ എം.സി. റോഡും നാഷണൽ ഹൈവേയുമായി യോജിക്കുന്ന ഏക പോയിന്റ് അങ്കമാലിയാണ്. കേരളത്തിലെ രണ്ട് പ്രധാനപ്പെട്ട റോഡുകളാണ് എം.സി. റോഡും നാഷണൽ ഹൈവേ -47 ഉം. ഇത് രണ്ടും സംഗമിക്കുന്ന സ്ഥലമെന്ന നിലയിൽ അങ്കമാലി പ്രദേശത്തുള്ള ഗതാഗതക്കുരുക്ക് വളരെ രൂക്ഷമാണ്. ഇക്കാര്യം നിരവധി പ്രാവശ്യം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അങ്കമാലിയിലെ ഈ രൂക്ഷമായ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടി ഡോ. തോമസ് ഐസക്കിന്റെ കാലത്ത് അവതരിപ്പിച്ച ബഡ്ജറ്റിൽ ഇക വകയിരുത്തിയിരുന്നെങ്കിൽ തന്നെയും ഈ കഴിഞ്ഞ മൂന്ന് വർഷം നാല് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടും ഒരു രൂപ പോലും വകയിരുത്തിയിട്ടില്ല. 2012-ൽ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് ചെയ്ത ഒരു നടപടി എന്ന നിലയിൽ പി.പി.പി. അടിസ്ഥാനത്തിലായാലും വിരോധമില്ലെന്ന പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ ചുമതല ആർ.ബി.ഡി.സി.കെ.- യെ ഏൽപ്പിച്ചു. രണ്ടുവർഷം കഴിഞ്ഞിട്ടും ഒന്നും തന്നെ നടന്നിട്ടില്ല. ഇതാണ് അങ്കമാലിയിലെ ജംഗ്ഷന്റെ പ്രശ്നം. കാലടിയിലെ അവസ്ഥ അതിനേക്കാളേറെ ഗുരുതരമാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയിൽ ഇപ്പോൾ 42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ കഴപ്പം കൊണ്ടല്ലാതെ അവിടെ ചില കുഴപ്പങ്ങളുണ്ടായതിന്റെ അടിസ്ഥാനത്തിലാണ് അത് നീണ്ടുപോയത്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ അന്തിമമായി തീരുമാനിച്ചെങ്കിലും അതിന്റെ നടപടികളൊന്നും നടക്കുന്നില്ല. ഈ രണ്ട് പ്രശ്നങ്ങളും അങ്കമാലി നിയോജകമണ്ഡലത്തിലെ മാത്രമല്ല ശബരിമലയ്ക്ക് പോകുന്ന ആളുകൾക്കും നാഷണൽ ഹൈവേയിലൂടെ എയർപോർട്ടിലേയ്ക്ക് പോകുന്ന ആളുകൾക്കും ഗുരുതരമായ പ്രതിസന്ധിയുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇത് രണ്ടും പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് ഈ ദിവസങ്ങളിൽ തന്നെ ഇതിന്റെ ശിലാസ്ഥാപനം ഉൾപ്പെടെയുള്ള പരിപാടികൾ നടത്താനും ബൈപ്പാസിന്റെ കാര്യങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കാനും തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, അങ്കമാലി ബൈപ്പാസ് വലിയ സാമ്പത്തിക ബാദ്ധ്യത വരുന്ന ഒരു പദ്ധതിയാണ്. അത് പി.പി.പി. മാതൃകയിലാക്കാമെന്ന് നിർദ്ദേശിച്ചതനുസരിച്ച് ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തി 25 ലക്ഷം രൂപ ചെലവഴിച്ച് അതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇനിയും അതിനെ ഏത് രീതിയിൽ, ഏത് മോഡലിൽ കൊണ്ടുപോകണമെന്ന് തീരുമാനിക്കാവുന്നതേയുള്ളൂ. കാലടിയിൽ പഴയ ശ്രീശങ്കരപാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിന് 42 കോടി രൂപയുള്ള ഭരണാനുമതി 2012-ൽ നൽകിയതാണെങ്കിലും അലൈൻമെന്റിലെ തർക്കങ്ങൾ കാരണം പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ല. ഇതുസംബന്ധിച്ച് 24-9-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ പാലത്തിന്റെ അലൈൻമെന്റിൽ കാലടി ടൗണിനെ ബൈപ്പാസ് ചെയ്ത് മറ്റൂരിൽനിന്നും നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള റോഡിൽ ചേരുവാൻ തക്കവണ്ണം പുനഃക്രമീകരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിനായി സർവ്വേ നടത്തുന്നതിനും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുമായി 1.94 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും അത് നൽകുകയും ചെയ്തിട്ടുണ്ട്. അലൈൻമെന്റ് പുതുക്കി നിർണ്ണയിച്ച് പുതിയ ഡി.പി.ആർ. തയ്യാറാക്കിയശേഷം പുതുക്കിയ ഭരണാനുമതി നൽകും. അലൈൻമെന്റ് തയ്യാറാക്കിയശേഷം 42 കോടി രൂപയിൽ ഇത് നിൽക്കുമെന്ന് പ്രതീക്ഷിക്കുന്നില്ല. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(24) മണ്ണുത്തി-അങ്കമാലി നാലുവരിപ്പാതയുടെ നിർമ്മാണപ്രവർത്തനങ്ങൾ

ശ്രീ. ബി. ഡി. ദേവസ്സി: സർ, ദേശീയപാത 47-ൽ മണ്ണുത്തി മുതൽ അങ്കമാലി വരെയുള്ള നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറിൽ ഉൾപ്പെട്ടിട്ടുള്ള അനുബന്ധ പ്രവൃത്തികളായ സർവ്വീസ് റോഡുകൾ, ബസ് ബേകൾ, ബസ് ഷെൽട്ടറുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, സ്ട്രീറ്റ് ലൈറ്റുകൾ, ബ്ലിങ്കർ ലൈറ്റുകൾ, വിവിധ ജംഗ്ഷനുകളിലെ സുരക്ഷാ സംവിധാനങ്ങൾ എന്നിവയുടെ നിർമ്മാണം ഇനിയും പൂർത്തീകരിച്ചിട്ടില്ല. ഇതിനുപുറമെ കരാറിൽപ്പെടാത്ത അത്യാവശ്യപ്രവൃത്തികൾ നടപ്പാക്കുന്നതിനായി 98 കോടിരൂപ സംസ്ഥാന സർക്കാർ പ്രത്യേകമായി അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉറപ്പിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളും ഫണ്ട് അനുവദിക്കാത്തതുമൂലം ആരംഭിച്ചിട്ടില്ല. ചാലക്കുടി കോടതി ജംഗ്ഷനിലെ ഫ്ലൈ ഓവർ നിർമ്മാണം, ചാലക്കുടി സൗത്ത് ജംഗ്ഷനിലെയും മുരിങ്ങൂർ ഡിവൈൻ ജംഗ്ഷനിലെയും ഡ്രെയിനേജ് സംവിധാനങ്ങൾ, മുരിങ്ങൂർ ജംഗ്ഷനിൽ അനുവദിച്ചിട്ടുള്ള ഗതാഗത സൗകര്യങ്ങൾ, കൊരട്ടി ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly